# ചന്ദ്രോത്സവം

സുജ

**നിലാവ് കൂട്ടായ്മ തൃശൂർ കുന്ദംകുളം അടുത്ത് കലശമലകുന്നിൽ മാർച്ച് 3-ാം തിയ്യതി പൗർണ്ണമി നാളിൽ നടത്തിയ നിലാവറിയാൻ പരിപാടിയിൽ പങ്കെടുത്തതിന്റെ അനുഭവക്കുറിപ്പ്.**

പൊള്ളുന്ന സൂര്യരശ്മികൾ
നിറുകയിൽ ഏറ്റുവാങ്ങി
കുളിരായി, നിലാവായി
പകരുന്ന, പങ്കുവയ്ക്കുന്ന
ചന്ദ്രനെപ്പോലെ
ജീവിതനോവുകൾ
പ്രപഞ്ചശക്തിയിൽനിന്ന്
ഏറ്റുവാങ്ങി
നന്മയായി, കരുണയായി
നമുക്കും പകർന്നു നൽകാമല്ലോ
എന്നൊരു ചിന്ത,
കുന്നുകയറി തുടങ്ങിയപ്പോൾ
എങ്ങുനിന്നോ ഉള്ളിലേയ്ക്ക്
വന്നുവീണു.
കുന്നിൻമുകളിൽ,
പരന്ന പാൽനിലാവിനുതാഴെ
ആരവങ്ങളും ആർപ്പുവിളികളും ഇല്ലാതെ
ആകൃതികളും, നിയമങ്ങളുമില്ലാതെ
വട്ടത്തിൽ, നീളത്തിൽ...
കൂട്ടമായും, ഒറ്റയ്ക്കും...
വെറുതെ.... ഒരുവൾ.... ഒരുവൻ...
ഓരോരുത്തരും.
ആന്റോച്ചേട്ടന്റെ പാട്ട്,
ഹാർമോണിയത്തിന്റെ
പതിഞ്ഞതാളം,
പ്രകാശിന്റെ ചിരി,
നാടൻപാട്ടുകളുടെ ചടുലത,
'തപ്പി'ന്റെ മുഴക്കം,
അമരക്കാരനെപ്പോലെ ഡേവിസ് ചേട്ടൻ...


പെയിന്റിങ്ങ് : ധനരാജ് കീഴറ

ആരും ഒന്നും സ്ഥാപിച്ചെടുക്കാൻ തുനിഞ്ഞില്ല
അവകാശങ്ങളും വാഗ്ദാദങ്ങളുമില്ല.
കുന്നിൻമുകളിലെ കാറ്റുപോലെ...
മഴ, വെയിൽ, മഴവില്ല്..
പ്രപഞ്ചരഹസ്യങ്ങളുടെ പൊരുളറിയാൻ
ഒരിക്കലും താൽപര്യമുണ്ടായിരുന്നില്ല.
പ്രണയംപോലെ, സങ്കടംപോലെ
പ്രകൃതിയുടെ ഓരോ ഭാവങ്ങൾ
എന്ന് അനുഭവിക്കാനാണിഷ്ടം
അതുകൊണ്ട്, നിറനിലാച്ചന്ദ്രനിൽ
പടർന്നുകയറുന്ന ഇരുട്ടിനെ
പിന്നെപ്പഴോ ചുവപ്പായി നിറംമാറ്റത്തെ
ഒക്കെ, കൗതുകപൂർവ്വം കണ്ടിരുന്നു...
നിലാവും, ചന്ദ്രഗ്രഹണവും കഴിഞ്ഞു
പുലർച്ച വരാറായി.
ഓരോരുത്തരും കിട്ടിയ ഇടയിൽ
ഒരാളുടെ കാൽക്കൽ
മറ്റൊരാളുടെ തല..
നെഞ്ച്, ഹൃദയം, ശ്വാസതാളം...
ചേർത്തുവെച്ച്, ചേർന്നുറങ്ങാൻ
ഇത്തിരി നേരം...
ആരും ആരുടേതുമാകാതെ
എല്ലാവരും എല്ലാരുടേതുമായി
ഒരിക്കലെഴുതിയപോലെ
ആണ്, പെണ്ണ്, നീ ഞാൻ
മണ്ണ്, വിണ്ണ്, മരം, മനുഷ്യൻ
ഒന്നും ഒറ്റയ്ക്കല്ല, എല്ലാം ഒന്നായി....

*കെ.ആർ.ഡബ്ലിയു.എ., 76-എ, ഐ.എ.എസ്. കോളനി,*
*വട്ടിയൂർക്കാവ്, തിരുവനന്തപുരം-13*